തലപ്പലം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 2026 -2027

ടെൻഡർ നോട്ടീസ്

നമ്പർ:02/veo/26-27 തിയതി 29/10 /2026

തലപ്പലം ഗ്രാമപഞ്ചായത്തിലെ 2026-2027 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ-ജി ബിന്നുകൾ വാങ്ങൽ [പ്രൊജക്റ്റ് നമ്പർ 214/2027 എന്ന പദ്ധതി നിർവഹണം നടത്തുന്നതിനായി സർക്കാർ ശുചിത്വമിഷൻ അംഗീകരിച്ചിട്ടുള്ള സർവീസ് പ്രൊവൈഡർമാർ/ അക്രെഡിറ്റഡ് ഏജൻസികൾ എന്നിവയിൽ നിന്ന് മത്സരാധിഷ്ഠിത ടെൻഡർ ക്ഷണിച്ചു കൊള്ളുന്നു. ടെൻഡർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പഞ്ചായത്തിന്റെ ടെൻഡർ വെബ്സൈറ്റിൽ നിന്നും ലഭ്യമാണ്.

പ്രവർത്തിയുടെ പേര് : ***മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ-ജി ബിന്നുകൾ വാങ്ങൽ***

അടങ്കൽ തുക: : ***153720***

ടെൻഡർ ഫോറം വില :500 + ജി എസ് ടി

ഇ എം ഡി :3843/-

ടെൻഡർ ഫോം ലഭ്യമാകുന്ന തിയതി: ***02 /11/2026*** മുതൽ **19/11/2026** വരെ (പഞ്ചായത്തിൽ നിന്നും ലഭ്യമാകുന്നതാണ്).

ടെൻഡർ സമർപ്പിക്കാവുന്ന അവസാന തിയതി :**20/ 11/ 2026 ,11 AM**

ടെൻഡർ തുറക്കുന്ന തിയതി :**20/11/ 2026, 2 PM**

സ്ഥലം:പഞ്ചായത്ത് കോൺഫറൻസ് ഹാൾ

Specification

Gee Bin(2 bin system)

നിബന്ധനകൾ

- തലപ്പലം ഗ്രാമപഞ്ചായത്തുമായി കരാർ വയ്ക്കുന്ന സ്ഥാപനം കരാർ വച്ച് 30 ദിവസത്തിനുള്ളിൽ 42 ***ജി ബിൻ*** യൂണിറ്റുകൾ ഗുണഭോക്താക്കളുടെ വീടുകളിൽ സ്ഥാപനത്തിന്റെ വാഹനത്തിൽ എത്തിക്കുവാൻ സാധിക്കുന്ന സ്ഥാപനങ്ങൾ ആയിരിക്കണം.
- പ്രവർത്തിയുടെ പേര് ആലേഖനം ചെയ്ത മുദ്രവച്ച ദർഘാസുകൾ രജിസ്റ്റേഡ് പോസ്റ്റ് വഴിയോ നേരിട്ടോ വില്ലേജ് എക്സ്റ്റൻഷൻഓഫീസർ,തലപ്പലം ഗ്രാമപഞ്ചായത്ത്, പ്ലാശനാൽ പി.ഒ pin :686579 എന്ന വിലാസത്തിൽ സമയക്രമം പാലിച്ച് ലഭിക്കേണ്ടതാണ്.

- ദർഘാസിനൊപ്പം 200 രൂപ വിലയുള്ള മുദ്ര പത്രത്തിൽ പ്രാഥമിക കരാർ ഉടമ്പടി പത്രം ഉള്ളടക്കം ചെയ്യേണ്ടതാണ്.
- ദർഘാസുകൾ തുറക്കുന്ന തീയതിയിൽ ദർഘാസ് നൽകിയവരുടെ സാന്നിദ്ധ്യത്തിൽ ദർഘാസുകൾ തുറന്ന് പരിശോധിക്കുന്നതാണ്. ആരുംതന്നെ എത്താതിരുന്നാൽ ഗ്രാമപഞ്ചായത്ത്സംവിധാനം ആയത് തുറന്ന് പരിശോധിക്കുന്നതാണ്.
- ദർഘാസ് അംഗീകരിച്ച് നോട്ടീസ് ലഭിക്കുന്നയാൾ 7 ദിവസത്തിനകം 200 രൂപമുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതും കരാർ തുകയുടെ 5 ശതമാനം തുകയ്ക്കുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് പഞ്ചായത്തിൽ അടയ്ക്കേണ്ടതുമാണ്. തുടർന്ന് 30 ദിവസത്തിനുള്ളിൽ ***ജി ബിന്നുകൾ*** വിതരണം ചെയ്യേണ്ടതുമാണ്.

- നിരതദ്രവ്യം, സെക്യൂരിറ്റി ഡിപ്പോസിറ്റ് എന്നിവ അടവാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനം ആണെങ്കിൽ ടി ഉത്തരവിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
- ഏതെങ്കിലും ദർഘാസോ, എല്ലാ ദർഘാസുകളുമോ യാതൊരു കാരണവും കൂടാതെനിരസിക്കുന്നതിനുള്ള പൂർണ്ണ അധികാരം പഞ്ചായത്ത് കമ്മറ്റിയിൽ നിക്ഷിപ്തമാണ്.
- ഏതെങ്കിലും കാരണവശാൽ ദർഘാസ് തുറക്കുന്ന തീയതി അവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് സംബന്ധിച്ചുള്ള എല്ലാ നടപടികളും മുൻ ദിവസത്തെ സമയക്രമത്തിൽ നടത്തുന്നതായിരിക്കും:
- കരാറുകാരുടെ ജി എസ് ടി റെജിസ്ട്രേഷൻ നടപടികളിലൂടെയുള്ള ബില്ലുകൾ മാത്രമേ സ്വീകരിക്കൂ .
- സ.ഉ (സാധാ)34 / 2024/ LSGD തിയതി 04 / 01 / 2024 പ്രകാരം ഉള്ള എല്ലാ നിബന്ധനകളും പാലിക്കാമെന്നു ഉറപ്പുള്ള ഏജൻസികളിൽ നിന്നും മാത്രമാണ് ടെൻഡർ ക്ഷണിക്കുന്നത് .ഈ ഉത്തരവിൽ പറയുന്ന ഏതു ഓപ്ഷൻ ആണ് തിരഞ്ഞെടുക്കുന്നത് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
- സഉ (സാധാ) 34 / 2024/ LSGD തിയതി 04 / 01 / 2024 ഉത്തരവിലെ രണ്ടാമത്തെ ഓപ്ഷൻ പ്രകാരം ഉപാധികൾ വിതരണം ചെയ്യുന്ന ഏജൻസികൾ തന്നെ തുടർ ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് .
- *ജി ബിൻ* 3 വർഷം വാറണ്ടി ഉൾപ്പെടെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും മൂന്ന് മാസത്തെ ആവശ്യത്തിനുള്ളഅംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരം ഉള്ള അളവ് ഇനോകുലം , യൂസർ മാനുവൽ, മാലിന്യ സംസ്കരണത്തിന്റെ പുരോഗതി വിലയിരുത്തി

തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് റിപ്പോർട്ട് നൽകുക തുടങ്ങിയവയ്ക്കുള്ള തുക കൂടി ചേർത്താണ് ടെണ്ടർ ചെയ്യേണ്ടത്.

- ഓരോ ഇനത്തിലും GST അടക്കമുള്ള വിലയും എല്ലാ നികുതിയും ഉൾപ്പെടെകൃത്യമായ അളവിൽ സാധനം ഏജൻസിയുടെ ഉത്തരവാദിത്വത്തിൽ ഗുണഭോക്തൃ വീടുകളിൽ എത്തിച്ച് ജൈവമാലിന്യം നിക്ഷേപിച്ചു ഇനോകുലം ചേർത്ത് പ്രവർത്തനക്ഷമം ആക്കുകയും, പരിശീലനം നൽകുകയും സ്ഥാപിച്ച വീട് ജിയോടാഗ് ചെയ്ത് നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതും ആകുന്നു. ആയതിനുള്ള നിരക്കും ചേർത്താണ് ദർഘാസിൽ രേഖപ്പെടുത്തേണ്ടത് .
- ഏജൻസി കുറഞ്ഞത് 3 വർഷ കാലത്തേക്ക് ഉപകരണത്തിന് വാറണ്ടിയും കേടാകുന്നപക്ഷം മാറ്റി നൽകേണ്ടതും ആണ് . അഞ്ചു വർഷ കാലത്തേക്ക് ഇനോകുലം വിതരണത്തിനുള്ള സംവിധാനം കൂടി ലഭ്യമാക്കേണ്ടതാണ് . ഇനോകുലം ലഭ്യമല്ലാതാകുന്ന പക്ഷം അതിന്റെപൂർണ്ണ ഉത്തരവാദിത്വം ഏജൻസിക്ക് ആയിരിക്കും.
- പദ്ധതി തുകയുടെ അഞ്ചു ശതമാനം ബാങ്ക് ഗ്യാരണ്ടിയായി നൽകേണ്ടതും കാലാവധി തീരുന്ന മുറക്ക് തിരികെ നൽകുന്നതുമായിരിക്കും. കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന സാഹചര്യം ഉണ്ടായാൽ ബാങ്ക് ഗ്യാരണ്ടിയിൽ നിന്നും നഷ്ടം വന്ന തുക ഈടാക്കുന്നതാണ് .
- പ്രൊക്യൂവർമെന്റ് മാനുവൽ സ.ഉ .(പി) 259/2010 ത.സ്വ.ഭ.വ തിയതി 08/11/2010 പ്രകാരമുള്ള എല്ലാ നിബന്ധനകളും സർക്കാർ ഉത്തരവുകളും ബാധകമായിരിക്കുന്നതാണ്

- ഉപാധികൾ നൽകുമ്പോൾ ഉപാധികളിൽ നിർമ്മാതാക്കളുടെ പേര് വിലാസം ഫോൺ നമ്പർ എന്നിവ വ്യക്തമായി പ്രദരർശിപ്പിച്ചിരിക്കണം.
- കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ വി ഇ ഒ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്

VILLAGE EXTENSION OFFICE
AMPARA

VILLAGE EXTENSION OFFICER
AMPARA